പ്രേഷിതൻ:-

അബ്ദുൽ ജബ്ബാർ.എം
നട്ടോരുമ പൗരവകാശ സമിതി(കേരള)
എക്സിക്യൂട്ടീവ് അംഗം.
(രജിസ്റ്റർ നമ്പർ. MPM/CA/341/2020)
Email: jabbarsm31@gmail.com

സ്വീകർത്താവ്:-

പൊതു ബോധന അധികാരി.
പരുത്തിപ്പള്ളി ഗവൺമെന്റ് എൽ.പി.എസ്.
കുറ്റിച്ചൽ.പി.ഒ
തിരുവനന്തപുരം 695574

വിഷയം:-

വിവരാവകാശ നിയമ അപേക്ഷക്ക് പൊതു ബോധന അധികാരിയാൽ വിവരം നൽകാതെ ഹെഡ്മിസ്ട്രസ് നൽകിയ കത്ത് സംബന്ധിച്ച്.

സൂചന:-

1) 17/02/2025-ൽ ഞാൻ നൽകിയ വിവരാവകാശ അപേക്ഷ.

2) തിയ്യതിയും, ഫയൽ നമ്പറും രേഖപ്പെടുത്താതെ ഹെഡ്മിസ്ട്രസ് ഒപ്പ് വച്ചതും സമയ ക്ലിപ്ത പാലിക്കാതെ അവസാന നിമിഷം വരെ കാത്തു നിന്ന് തയ്യാറാക്കിയതും 12/03/2024-ൽ ലഭിച്ചതുമായ ഹെഡ്മിട്രസിന്റെ കത്ത്.

ടി സൂചന ഒന്നു പ്രകാരം നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൊതുബോധന അധികാരിയായ താങ്കൾ നൽകാതെ ഹെഡ്മിസ്ട്രസ് നൽകിയ കത്തിൽ ഞാൻ ആവശ്യപ്പെട്ട ഒരു ചോദ്യത്തിനും വിവരങ്ങൾ ഒന്നും തന്നെ നൽകാത്തതു കൊണ്ടും, നൽകിയ മറുപടിയിൽ ഫയൽ നമ്പറോ, തിയ്യതിയോ ഓഫീസിന്റെ മേൽവിലാസമോ, ഇ-മെയിൽ വിലാസമോ, ഫോൺ നമ്പറോ, ഒന്നും തന്നെ രേഖപ്പെടുത്താതെ ഒരു ഓഫീസിൽ നിന്നും ഒരു കത്ത് തയ്യാറാക്കുമ്പോൾ പാലിക്കേണ്ടതായ ഒരു നിയമവും പാലിക്കാതെയും വിദ്യ പകർന്നു നൽകുന്ന അധ്യാപികയായ താങ്കൾ പാലിച്ചിട്ടില്ലാത്തത് കൊണ്ടും, ഒന്നാം അപ്പീൽ കാലാവധിയും താങ്കളുടെ കാര്യാലയത്തിലെ ഒന്നാം അപ്പീൽ അധികാരി ആരാണെന്നും, ഒന്നാം അപ്പീൽ അധികാരിയുടെ ഔദ്യോഗിക മേൽവിലാസവും, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ അടങ്ങിയ വിവരാവകാശ നിയമ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കി തരാത്തത് കൊണ്ടും, താങ്കളുടെ കാര്യാലയത്തിലെ ഒന്നാം അപ്പീൽ അധികാരി ആരാണെന്ന് അപേക്ഷകനായ എനിക്ക് അറിയാത്തത് കൊണ്ടും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഒന്നാം അപ്പീൽ അപേക്ഷ ആരാണോ താങ്കളുടെ കാര്യാലയത്തിലെ ഒന്നാം അപ്പീൽ അധികാരി അവർക്ക് കൈമാറുകയും കൈമാറിയ വിവരം വിവരാവകാശ നിയമ പ്രകാരം യഥാസമയം അപേക്ഷകന്റെ ഈ-മെയിൽ വിലാസത്തിൽ അറിയിച്ചു തരുന്നതിനും താത്പര്യപ്പെടുന്നു.

എന്ന്,

പേഴുംമൂട്

20/03/2025

അബ്ദുൽ ജബ്ബാർ.എം

ഒന്നാം അപ്പീൽ അധികാരി മുമ്പാകെ

അബ്ദുൽ ജബ്ബാർ.എം
നാട്ടാരുമ പൗരവകാശ സമിതി(കേരള)
എക്സിക്യൂട്ടീവ് അംഗം
(രജിസ്റ്റർ നമ്പർ. MPM/CA/341/2020)
Email. jabbarsm31@gmail.com

ഹർജികക്ഷി

പൊതു ബോധന അധികാരി
പരുത്തിപ്പള്ളി ഗവൺമെന്റ് എൽ.പി.എസ്.
കുറ്റിച്ചൽ.പി.ഒ
തിരുവനന്തപുരം 695574

എതിർകക്ഷി

വിവരാവകാശ നിയമം 2005 വകുപ്പ് 19(1) പ്രകാരം നൽകുന്ന ആദ്യ അപ്പീൽ.

എതിർ കക്ഷിമുമ്പാകെ 17/02/2025-ൽ നൽകിയ വിവരാവകാശ അപേക്ഷക്ക് ഫയൽ നമ്പർ രേഖപ്പെടുത്താതെയും തീയതി രേഖപ്പെടുത്താതെയും, ഓഫീസ് മേൽവിലാസം രേഖപ്പെടുത്താതെയും, പൊതുബോധന അധികാരി ഒപ്പ് വയ്ക്കാതെയും, അപേക്ഷകന്റെ ഇ-മെയിൽ വിലാസത്തിൽ മറുപടി അയക്കണമെന്ന് പ്രത്യേകം അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നിട്ടും ആയത് പാലിക്കാതെയും ഇത്തരത്തിൽ ഒരു കത്ത് നൽകുന്നതിന് വേണ്ടി സമയക്ലിപ്തത പാലിക്കാതെ അവസാന നിമിഷം വരെ കാത്ത് നിന്ന് ഹെഡ്മിസ്ട്രസ് തയ്യാറാക്കി ഓർഡിനറി തപാലിൽ അയച്ച കത്ത് 12/03/2025-ൽ ലഭിച്ചിട്ടുള്ളതും, ആയത് പെതുബോധന അധികാരിയല്ല ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും, അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ലെന്നും, പിൻകോഡ് സഹിതമുള്ള ഔദ്യോഗിക മേൽവിലാസവും ഇ-മെയിൽ വിലാസവും, ഫോൺ നമ്പറും രേഖപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ ടിയാളുടെ കത്ത് വിവരാവകാശ അപേക്ഷക്കുള്ള മറുപടിയായി അംഗീകരിക്കാൻ കഴിയില്ലെന്നും, അപ്പീൽവാദി തൃപ്തനല്ലെന്നും ആക്ഷേപമുണ്ടെന്നും അറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കായി അപേക്ഷയുടെ പകർപ്പും, എതിർകക്ഷി നൽകിയ കത്തിന്റെ പകർപ്പും ഇതോടെപ്പം ഉള്ളടക്കം ചെയ്യുന്നു.

വിദ്യ പകർന്ന് നൽകുന്ന ഉദ്യോഗസ്ഥനെന്ന നിലയിൽ ഖജനാവിൽ നിന്നും മാസംതോറും വേതനം കൈപ്പറ്റുന്ന അദ്ധ്യാപികയായ എതിർകക്ഷി ഒരു കത്ത് തയ്യാറാക്കുമ്പോൾ പാലിക്കേണ്ടതായ നിസ്സാര നടപടിക്രമങ്ങൾ പോലും പാലിക്കാതെ നൽകിയിരിക്കുന്ന കത്ത് വിവരവകാശ നിയമത്തിന്റെയും വിവരവകാശനിയമം സംബന്ധിച്ച വിവിധങ്ങളായ സർക്കലറുകളുടെയും നഗ്നമായ ലംഘനവുമാകയാൽ പ്രസ്തുത കത്ത് വിവരാവകാശ അപേക്ഷക്കുള്ള മറുപടിയുമായി അംഗീകരിക്കാൻ നിർവ്വാഹമില്ല.

കൂടുതൽ വിവരങ്ങൾക്കായി സർക്കുലർ.നം.69503/സി.ഡി.എൻ 5/2015/ഉ.ഭ.വ.വ/30/03/2016 പരിശോധിക്കാവുന്നതാണ്.

വിവരാവകാശ നിയമത്തിന്റെ അന്ധസത്ത ഉൾകൊള്ളാത്ത എതിർ കക്ഷി വിവരാവകാശ നിയമത്തെ അവഹേളിക്കുകകയും,നിയമത്തെ വെല്ലുവിളിക്കുകയും കരുതിക്കൂട്ടി ഇല്ലായ്മ ചെയ്യുന്നതിനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളതെന്നതിനാൽ ടി യാൾക്കെതിരെ വിവരാവകാശ നിയമ പ്രകാരമുള്ള ശിക്ഷനട പടികൾ സ്വീകരിക്കേണ്ടതാണ്.

1) പൊതുബോധന അധികാരിയുടെ പിൻകോഡ് സഹിതമുള്ള ഔദ്യോഗിക മേൽവിലാസവും, ഇ-മെയിൽ വിലാസവും, ഫോൺനമ്പറും, ഫാക്സ് നമ്പറും രേഖപ്പെടുത്തിയിട്ടില്ല.

2) വിവരാവകാശ നിയമ പ്രകാരം അപേക്ഷ ലഭിച്ച തീയതി കത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

3) വിവരാവകാശ അപേക്ഷക്ക് മറുപടി നൽകുമ്പോൾ അവസാന ഭാഗത്ത് രേഖപ്പെടുത്തേണ്ട വിവരമായ അപ്പീൽ കാലാവധിയും, അപ്പീൽ അധികാരിയുടെ മേൽ വിലാസവും രേഖപ്പെടുത്തിയിട്ടില്ല.

4) ഹർജി കക്ഷി എതിർകക്ഷി മുൻപാകെ വിവരവകാശ അപേക്ഷ നൽകിയിരുന്നത് നിയമത്തിലെ വകുപ്പ് 2(f) പ്രകാരമുള്ള ഇൻഫർമേഷൻ അഥവ വിവരങ്ങൾ എന്ന നിർവ്വചനത്തിൽപ്പെട്ട വിവരങ്ങൾ ആണെന്നിരിക്കെ ഹർജികക്ഷി ആവശ്യപ്പെട്ട വിവരങ്ങൾ ഒന്നും നൽകാതിരിക്കുന്നത് വിവരാവകാശ നിയമത്തിന്റെ ലംഘനമാകയാൽ അംഗീകരിക്കാവതല്ല.

5) ഒരു പൊതു അധികാരിയുടെ പക്കലുള്ളതും, പൊതുതാൽപ്പര്യ പ്രസക്തിയുള്ളതും, രാജ്യസുരക്ഷയ്ക്ക് ഭീഷണിയില്ലാത്തതുമായ വിവരങ്ങളാണ് ഹർജികക്ഷി ആവശ്യപ്പെട്ടിരുന്നതെങ്കിലും ആയത് നൽകാതിരിക്കുന്നത് ഗുരുതരമായ വീഴ്ച്ചയും അധികാര ദുർവിനിയോഗവും, കൃത്യനിർവ്വഹണത്തിലെ വീഴ്ചയുമാകയാൽ വിവരവകാശ നിയമപ്രകാരം അംഗീകരീക്കാവതല്ല.

6) ഹർജികക്ഷി പൊതുതാൽപര്യം മാത്രം മുൻനിർത്തി ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി നൽകാതിരിക്കുന്നത് തന്റെ കാര്യാലയത്തിലെ അഴിമതി മൂടി വക്കുന്നതിനുള്ള ശ്രമമാണെന്നും ആയത് പുറത്ത് കൊണ്ട് വരാനുള്ള ഹർജി കക്ഷിയുടെ ശ്രമങ്ങളെ തടയുകയുമാണ് എതിർകക്ഷി ചെയ്തിട്ടുള്ള തെന്നതിനാൽ ഈ അപ്പീൽ നൽകേണ്ട സാഹചര്യം എതിർകക്ഷി സ്വമേധയ സൃഷ്ട്ടിച്ചിട്ടുള്ളതും, തൻമൂലം ഹർജി കക്ഷിക്ക് കൂടു നഷ്ടങ്ങൾക്ക് ഇടവരുത്തിയിട്ടുള്ളതും,ക്ഷമതയുള്ള ഉദ്ധ്യോഗസ്ഥന്മാരുടെ വിലപ്പെട്ട സമയ നഷ്ടത്തിനും, നടപടികൾ സങ്കീർണ്ണമാക്കുന്നതിനും ഹേതുവായിട്ടുള്ളതുമാണ്.

7) ഹർജികക്ഷി നൽകിയ വിവാരാവകാശ അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള സർക്കുലറും, ബഹു: ഹൈക്കോടതിയുടെ ഉത്തരവും പ്രസ്തുത സ്കൂളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് പറയുന്ന എതികക്ഷി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്തിൻപ്രകാരം, സ്കൂളും, പരിസവും, സ്കൂളിന്റെതല്ലാത്ത ആവശ്യങ്ങൾക്ക് വിട്ടു നൽകിയിട്ടുണ്ട് എന്നും സംഭാവനയോ, പ്രതിഫലമോ സ്വീകരിച്ചിട്ടില്ലെന്നും പറയുന്നത് കോടതിയിയലക്ഷ്യമായതിനാൽ എതിർ കക്ഷിക്കെതിരെ കോടതിയലക്ഷ്യത്തിനും അധികാര ദുർ വിനിയോഗം നടത്തിയതിനും എതിർ കക്ഷിക്കെതിരെ നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യേണ്ടതാണ്.

8) പാർളിമെന്റിനും നിയമനിർമ്മാണ സഭകൾക്കും നിഷേധിക്കാൻ പാടില്ലാത്ത ഒരു വിവരവും ഒരു ഇന്ത്യൻ പൗരനും ഒരു കാരണവശാലും നിഷേധിക്കാൻ പാടില്ലെന്ന ബഹു:കേരള ഹൈ കോടതിയുടെ 2007(3)KTL550- ആം നമ്പർ വിധി പ്രകാരവും വിവരാവകാശ നിയമം വകുപ്പ് (8)-ലെ പ്രസ്താവനകൾ പ്രകാരവും ഈ അപ്പീൽ പരിഗണിക്കേണ്ടതാണ്.

9) ഈ മെയിൽ വിലാസത്തിൽ മറുപടി നൽകിയാൽ മതിയെന്ന് അപേക്ഷകൻ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് ഉ.ഭ.പ.വ -ന്റെ സർക്കുലറുകളുടെ ലംഘനവും എതിർകക്ഷിയുടെ ധിക്കാരവുമായി കാണേണ്ടതാണ്.